പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 186 **27-10-2026-ൽ മറുപടിയ്ക്ക്**

കയർ വ്യവസായ മേഖല ശക്തിപ്പെടുത്താനുള്ള പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. ഡി. തോമസ്

ശ്രീ. സന്ദീപ് വാര്യർ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് തകർച്ച നേരിട്ടതായി ആക്ഷേപമുള്ള, കയർ വ്യവസായത്തെ രക്ഷിക്കാനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

മറുപടി: നിലവിൽ പരമ്പരാഗത വ്യവസായങ്ങൾ പലതും സ്തംഭനാവസ്ഥയിലാണ്. കശുവണ്ടി മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകിയിരുന്നത് കയർ മേഖലയായിരുന്നു. എന്നാൽ, നാളികേര ഉത്പാദനത്തിൽ വന്ന കുറവ് മൂലം അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും കയർ മേഖലയിലെ കുറഞ്ഞ കൂലിയും കാരണം ആവശ്യത്തിന് തൊഴിലാളികളെ ലഭ്യമല്ലാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

ഉത്പാദനക്ഷമത വർധിപ്പിച്ചും വേതനം കൂട്ടിയും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാനുമുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിലുള്ള പദ്ധതികളോടൊപ്പം കയർപിരി മേഖലയെ കൂടുതൽ ശക്തിപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് പാലക്കാട് ഉൾപ്പെടെയുള്ള വടക്കൻ ജില്ലകളിൽ കൂടുതൽ ഉത്പാദനക്ഷമതയുള്ള ഡീഫൈബറിങ് മെഷീനുകൾ സ്ഥാപിക്കുകയും, ഗുണമേന്മയുള്ള ചകിരി ഉത്പാദിപ്പിച്ച് സംഘങ്ങളിലെ കയർപിരി തൊഴിലാളികൾക്ക് വേതനം ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് തൊഴിൽ ദിനങ്ങൾ ഇരട്ടിയാക്കി തൊഴിലാളികളുടെ വേതനം കുറഞ്ഞത് 500/- രൂപയാക്കി ഉയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

2026-27 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 443 കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധന സഹായമായി 4,56,50,000/- രൂപയുടെയും, അടിസ്ഥാന സൗകര്യ വികസനത്തിനായി 1,83,00,144/- രൂപയുടെയും ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. സംഘങ്ങൾക്ക് ചകിരി ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപ്പിലാക്കിവരുന്ന 'മെറ്റീരിയൽ ബാങ്ക് ഫോർ കയർ ഫൈബർ' പദ്ധതിക്കായി കയർഫെഡിന് 3.95 കോടി രൂപയും, റിവോൾവിംഗ് ഫണ്ട് പദ്ധതിക്കായി കയർഫെഡിന് 7 കോടി രൂപയും കയർ കോർപ്പറേഷന് 3 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ, 2026 ഓണത്തോടനുബന്ധിച്ച് ഉത്സവകാലത്തെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി കയർ നൂൽപ്പ് സംഘങ്ങളിലെ തൊഴിൽരഹിതരായ 5,000 തൊഴിലാളികൾക്ക് 2,000/- രൂപ വീതം അഡ്വാൻസ് / Ex-gratia നൽകുന്നതിനായി 1 കോടി രൂപ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) തൊണ്ടിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനും വിപണി വിപുലീകരിക്കുന്നതിനും എന്തൊക്കെ പദ്ധതികൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

<u>മറുപടി:</u> നാളികേര ഉത്പാദനത്തിൽ ഒന്നാം സ്ഥാനത്തുണ്ടായിരുന്ന കേരളം നിലവിൽ രണ്ടോ മൂന്നോ സ്ഥാനത്തേയ്ക്ക് പിന്നിലായതാണ് ചകിരി ദൗർലഭ്യത്തിന് കാരണം. സംസ്ഥാനത്തിന്റെ വടക്കൻ മേഖലകളിൽ നിന്നുള്ള നാളികേരവും തൊണ്ടും പൂർണ്ണമായും തമിഴ്നാട്ടിലേക്ക് കൊണ്ടുപോയി, അവിടെവച്ച് ചകിരിയും ചകിരിച്ചോറും വിദേശത്തേക്ക് കയറ്റുമതി (Export) ചെയ്യുന്നതാണ് ഇവിടുത്തെ ദൗർലഭ്യം കൂടുതൽ രൂക്ഷമാക്കുന്നത്. ഇതുമൂലം നമ്മുടെ കയർ മേഖലയ്ക്ക് ആവശ്യത്തിന് ഉണമേന്മയുള്ള ചകിരി ലഭിക്കാത്തത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി, 2026-27 സാമ്പത്തിക വർഷത്തിൽ തന്നെ വടക്കൻ കേരളത്തിൽ കൂടുതൽ ഡീഫൈബറിംഗ് (Defibering) മെഷീനുകൾ സ്ഥാപിക്കാനും, ചകിരിച്ചോറ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി നേരിട്ട് കയറ്റുമതി ചെയ്യുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.

(സി) കയർപിരി സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

<u>മറുപടി:</u> 2006-ൽ രണ്ടു ലക്ഷത്തിൽപരം തൊഴിലാളികളും 2016-ൽ ഒരു ലക്ഷത്തിൽ താഴെ തൊഴിലാളികളും കയർ മേഖലയിൽ തൊഴിൽ ചെയ്തിരുന്നു. എന്നാൽ, നിലവിൽ വേതനക്കുറവും ചകിരി ദൗർലഭ്യവും കാരണം ഇൻകം സപ്പോർട്ട് സ്കീം (ISS) വഴി വേതനം കൈപ്പറ്റുന്ന 12,000-ൽ താഴെ തൊഴിലാളികൾ മാത്രമാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. തൊഴിലാളികളുടെ പ്രതിദിന വേതനം നിലവിൽ 350 - 400 രൂപ മാത്രമാണ്. 2012-ൽ ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 110/- രൂപ അനുവദിച്ചതിനു ശേഷം നാളിതുവരെ ആ തുകയിൽ വർദ്ധനവൊന്നും വന്നിട്ടില്ല. എങ്കിലും, നിലവിൽ ദിവസവേതനം 500/- രൂപയാക്കി വർധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൂടാതെ, ഈ വർഷം കയർ പിരി മേഖലയിൽ 30,000 തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ, കുറ്റമറ്റ ഇ-റാട്ടുകൾ നൽകൽ, കൃത്യമായ വേതനം ഉറപ്പാക്കൽ എന്നിവയ്ക്കൊപ്പം, 300 സംഘങ്ങളിലെ തൊഴിലാളികൾക്ക് 100-ൽ കുറയാത്ത തൊഴിൽ ദിനങ്ങൾ നൽകി പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ